പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

<u>തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ദിനങ്ങൾ വർധിപ്പിക്കാൻ നടപടി</u>

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2965

21.06.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. എ.എ. അസീസ് | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | 2012-13-ൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി സംസ്ഥാനത്ത് എത്ര ദിവസത്തെ തൊഴിലാണ് നൽകാൻ കഴിഞ്ഞിട്ടുള്ളത്; | (എ) | 2012-13 സാമ്പത്തിക വർഷം സംസ്ഥാനത്ത് 1693287 കുടുംബങ്ങൾക്കായി 836.41 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. അതായത്, ശരാശരി 49 തൊഴിൽ ദിനങ്ങൾ ഒരു കുടുംബത്തിന് ലഭിച്ചിട്ടുണ്ട്. |
| (ബി) | നടപ്പ് സാമ്പത്തികവർഷം തൊഴിൽ ദിനങ്ങൾ വർധിപ്പിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്ത് തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

1. 2013–14 ലെ ലേബർ ബഡ്ജറ്റ് 2012 ഡിസംബർ മാസം തന്നെ കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും 875.57 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് കേന്ദ്രത്തിന്റെ അംഗീകാരം നേടുകയും ചെയ്തിട്ടുണ്ട്.
2. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ ഉൾപ്പെടെ അർഹരായ മുഴുവൻ ഗ്രാമീണ കുടുംബങ്ങളെയും തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് തൊഴിൽ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.
3. 2013 ലെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കൂടുതൽ തൊഴിൽ മേഖലകളിൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്.
4. ഗ്രാമ–ബ്ലോക്ക് പഞ്ചായത്തുകളിലെ അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസീയർ, എന്നിവരുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, സാങ്കേതികാനുമതി, മെഷർമെന്റ്/ ചെക്ക് മെഷർമെന്റ് അധികാര പരിധി പുതുക്കി നിശ്ചയിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്
5. ആവശ്യാധിഷ്ഠിതമായി തൊഴിൽ നൽകുന്നതിന് എല്ലാ പഞ്ചായത്തിലും ഷെൽഫ് ഓഫ് പ്രോജക്ട്സ് തയ്യാറാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട്. പ്രവൃത്തികളുടെ നിർവ്വഹണം, സമയബന്ധിതമായി വേതനം നൽകൽ എന്നിവ ഉറപ്പ് വരുത്തുന്നതിലേക്കായി നിലവിലുള്ള കരാർ ജീവനക്കാർക്ക് പുറമേ 60 ലക്ഷത്തിൽ കൂടുതൽ തുക ചെലവഴിച്ച ഗ്രാമപഞ്ചായത്തുകളിൽ അധികമായി ഡേറ്റാ എൻട്രി ഓപ്പറേറ്ററിനെയും, എഞ്ചിനീയർ/ ഓവർസീയർ എന്നിവരെയും നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട് അതോടൊപ്പം 2 കോടിയിലധികം തുക ചെലവഴിച്ച ഗ്രാമപഞ്ചായത്തുകളിൽ ഒരു ഡേറ്റാ എൻട്രി ഓപ്പറേറ്ററെയും, ഒരു എഞ്ചിനീയർ/ ഓവർസീയറെയും നിയമിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.
6. പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും വാർഡ് മെമ്പർ അദ്ധ്യക്ഷനായ കമ്മിറ്റി എല്ലാ ഗ്രാമപഞ്ചായത്ത് വാർഡുകളിലും രൂപീകരിച്ചിട്ടുണ്ട്.
7. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സാധന സാമഗ്രികളുടെ ഉപയോഗം പരമാവധി പ്രയോജനപ്പെടുത്തുന്നതിന് പഞ്ചായത്തുകൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

8. പദ്ധതിയിലെ കൂലി വിതരണം കാര്യക്ഷമമാക്കുന്നതിലേക്കായി ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം (ഇ-എഫ്.എം.എസ്) നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.
9. തൊഴിലുറപ്പ് പദ്ധതിയിലെ മേറ്റ്മാരുടെ തെരഞ്ഞെടുപ്പ് കൂടുതൽ സുതാര്യമാക്കുന്നതിനും നിർവ്വഹണമേൽനോട്ടത്തിനുള്ള പരിചയ സമ്പന്നത ഉറപ്പാക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.